GOVERNMENT OF KERALA
Pinarayi Vijayan
CHIEF MINISTER

05.09.2018

പ്രിയ കൂട്ടുകാരെ,

മലയാളികളെ സംബന്ധിച്ചിടത്തോളം 2018 അതിജീവനത്തിന്റെ വർഷമാണ്. ഈ വർഷത്തിലേക്ക് നാം കടന്നതുതന്നെ ഒരു ദുരന്തത്തെ അതിജീവിച്ച പശ്ചാത്തലത്തിലായിരുന്നു. ഓഖി ചുഴലിക്കാറ്റ് കേരളത്തിന്റെ തെക്കൻ മേഖലകളിൽ, പ്രത്യേകിച്ച് തീരപ്രദേശത്തും നമ്മുടെ സഹോദരങ്ങളായ മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങളിലും വലിയ പ്രതിസന്ധിയാണ് സൃഷ്ടിച്ചത്. എന്നാൽ, സഹജീവികളോടുള്ള കരുതൽ കാണിക്കാനുള്ള അവസരമായി കേരളം അതിനെ കണ്ട്, മലയാളികൾ ഒറ്റക്കെട്ടായി ഓഖി ദുരന്തത്തിനിരയായ മേഖലയെയും ദുരിതമനുഭവിച്ച കുടുംബങ്ങളെയും സഹായിച്ചു.

പുതുവത്സരപ്പിറവിയുടെ സമയത്ത് നാം അഭിമുഖീകരിച്ച ദുരന്തത്തിന്റെ ഓർമകൾ വിട്ടുമാറുന്നതിനു മുമ്പേ നമ്മുടെ സംസ്ഥാനത്തിന്റെ വടക്കൻ മേഖലകളിൽ നിപ അണുബാധയുണ്ടായി. കേരളത്തിന്റെ ആരോഗ്യമേഖലയിൽ വലിയ പ്രതിസന്ധി ഉണ്ടാക്കാമായിരുന്ന സാഹചര്യത്തെ മാതൃകാപരമായാണ് നാം അതിജീവിച്ചത്. ആ ഘട്ടത്തിൽ നാം ഏർപ്പെടുത്തിയ തയ്യാറെടുപ്പുകളും നടത്തിയ പ്രതിരോധവും അതിന്റെ ഫലമായി ഉണ്ടായ അതിജീവനവും ലോകത്തിന്റെയാകെ പ്രശംസ പിടിച്ചുപറ്റി. ലോകാരോഗ്യ സംഘടന വരെ നമ്മുടെ കൂട്ടായ ചെറുത്തുനിൽപ്പിനെയും അതിജീവനത്തെയും ശ്ലാഘിച്ചു. അതിപ്രഗൽഭമായ ഇൻസ്റ്റിറ്റ്യൂട്ടുകൾ വരെ സംസ്ഥാനത്തെ ആദരിച്ചു.

നിപയെ അതിജീവിച്ച ഘട്ടത്തിൽത്തന്നെ പുതിയൊരു വെല്ലുവിളി പ്രകൃതി നമുക്കുമുമ്പിൽ ഉയർത്തി. അതികഠിനമായ മഴയും അതിരൂക്ഷമായ വെള്ളപ്പൊക്കവും കേരളത്തിന്റെ ഏതാണ്ട് എല്ലാ ഭാഗങ്ങളെയും ബാധിച്ചു. എന്നാൽ, ആ സാഹചര്യത്തിൽ കേരളം ഒന്നാകെ പതറാതെ ജാഗ്രതയോടെ നിലകൊണ്ടു. വിദഗ്ദ്ധരുടെ അഭിപ്രായങ്ങൾ ആരാഞ്ഞും സമയാസമയങ്ങളിൽ ജാഗ്രതാനിർദേശങ്ങൾ പുറപ്പെടുവിച്ചും അവ സൂക്ഷ്മമായി പാലിച്ചുംകൊണ്ട് മലയാളികൾ ഒറ്റക്കെട്ടായി ഒരു വലിയ പ്രകൃതിദുരന്തത്തെ അതിജീവിച്ചു. പരസ്പരം സഹായിച്ചും കരുതിയും സ്നേഹിച്ചും ഒരു ദുരന്തത്തെ എങ്ങനെ ഒരുമയോടെ നേരിടാമെന്ന അതിജീവനത്തിന്റെ വലിയ പാഠം കേരളസമൂഹം ലോകത്തിനു മുമ്പിൽ അവതരിപ്പിച്ചു.

141, 3rd Floor, North Block
Government Secretariat
Thiruvananthapuram Pin 695001

T 0471 2333241, 2333812, 2333610 F 0471 2333489
E chiefminister@kerala.gov.in
facebook.com/cmokerala twitter.com/cmokerala
www.keralacm.gov.in

Residence
Cliff House
T 0471 2318406, 2314853

ഒരുമയുടെയും സാഹോദര്യത്തിന്റെയും മാനുഷികമൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിന്റെ വലിയ പുരോഗമനപരമായ സന്ദേശം ഇക്കഴിഞ്ഞ ഓണവേളയിൽ മലയാളികൾ ലോകവുമായി പങ്കുവെച്ചു. ഒറ്റക്കെട്ടായി കേരള സമൂഹം ദുരന്തങ്ങളെ അതിജീവിക്കുന്ന പശ്ചാത്തലത്തിൽ കേരളത്തിന്റെ പുനർനിർമാണ പ്രവർത്തനങ്ങളിൽ നമ്മുടെ സ്കൂളുകളും പങ്കുചേരുന്നു എന്നത് സന്തോഷകരമാണ്. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ മുൻകൈയ്യുടെ ഫലമായി സംസ്ഥാനത്തെ എല്ലാ സർക്കാർ/ എയ്ഡഡ്/അംഗീകൃത അൺഎയ്ഡഡ്/ സിബിഎസ്സി/ഐസിഎസ്സി/കെവി/ നവോദയ സ്കൂളുകളിലെയും കുട്ടികൾക്ക് നാടിന്റെ പുനർനിർമാണ പ്രവർത്തനങ്ങളുടെ ഭാഗമാകാൻ കഴിയും.

കാലവർഷക്കെടുതിയെ അതിജീവിക്കാനുള്ള മാതൃകാപരമായ ഇടപെടലുകളാണ് ഇതിനോടകം തന്നെ നമ്മുടെ സ്കൂൾ കുട്ടികളിൽനിന്ന് ഉണ്ടായിട്ടുള്ളത്. ചിലർ രക്ഷാപ്രവർത്തനങ്ങളിൽ പങ്കുചേർന്നു. ചിലർ ശുചീകരണപ്രവർത്തനങ്ങളിൽ സ്ക്വാഡുകളോടൊപ്പം പ്രവർത്തിച്ചു. ചിലർ വിദ്യാഭ്യാസ സാമഗ്രികൾ നഷ്ടപ്പെട്ട മറ്റു വിദ്യാർഥികളെയും സ്കൂളുകളെയും സഹായിച്ചു. പല കുട്ടികളും തങ്ങളുടെ ചെറു സമ്പാദ്യങ്ങൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന ചെയ്തു. അങ്ങനെ തങ്ങളുടേതായ ചെറു ഇടപെടലുകൾ നടത്തിയവരാണ് പല സ്കൂൾ കുട്ടികളും. എന്നാൽ, ഇതുവരെ ഇത്തരം പ്രവർത്തനങ്ങളിൽ പങ്കുചേരാൻ കഴിയാതെപോയവരുണ്ട്. അവർക്കുകൂടി നാടിന്റെ പുനരുദ്ധാരണത്തിന്റെ ഭാഗമാകുവാനുള്ള അവസരമാണ് ഇന്നുള്ളത്.

നമ്മുടെ സ്കൂൾ കുട്ടികളിൽ ചിലരെങ്കിലും മഴയുടെയും വെള്ളപ്പൊക്കത്തിന്റെയും ദുരിതം നേരിട്ട് അനുഭവിച്ചവരാണ്. അവരോട് എനിക്ക് പറയാനുള്ളത് – നിങ്ങൾ വിഷമിക്കേണ്ട – എന്നാണ്. നിങ്ങളുടെ സുഹൃത്തുക്കളും സ്കൂളുകളും നാടാകെയും നിങ്ങളോടൊപ്പമുണ്ട്. സർക്കാരും നിങ്ങളോടൊപ്പമുണ്ട്. കേരളം ഒരുമിച്ച് അതിജീവിച്ചു. നമുക്ക് ഒരുമിച്ച് കേരളത്തെ പുനർനിർമിക്കാം.

കേരളം നമ്മളെല്ലാവരുടേതുമാണ്; കുട്ടികളുടേതും യുവാക്കളുടേതും മുതിർന്നവരുടേതും. അതുകൊണ്ടുതന്നെ നവകേരളം യാഥാർത്ഥ്യമാക്കുക എന്നത് നമ്മളോരോരുത്തരുടെയും ഉത്തരവാദിത്വമാണ്. കേരളത്തിലെ എല്ലാ സ്കൂൾ കുട്ടികളുടെയും സഹായസഹകരണങ്ങൾ നവകേരള നിർമിതിക്കായി ഉണ്ടാവണം. നിങ്ങളുടെ അഭിപ്രായങ്ങൾക്കും നിർദേശങ്ങൾക്കും അതിൽ വലിയ പങ്കുവഹിക്കാനുണ്ട്. ഒരു നവകേരളം കെട്ടിപ്പടുക്കുന്നതിനായി നമുക്കെല്ലാവർക്കും കൈകോർക്കാം.

സ്നേഹപൂർവ്വം,

**പിണറായി വിജയൻ**